# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1899 16/06/2014 ൽ മറുപടിക്ക്

### പാലക്കാട് ജില്ലാതല വിജിലൻസ് കമ്മിറ്റി മുമ്പാകെയുള്ള പരാതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലാതല വിജിലൻസ് കമ്മിറ്റി മുമ്പാകെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; | (എ) പാലക്കാട് ജില്ലാ തല വിജിലൻസ് കമ്മിറ്റി 3 പ്രാവശ്യം യോഗം ചേരുകയും അതിൽ 58 പരാതികൾ ലഭിക്കുകയുമുണ്ടായി. |
| (ബി) ഇതിൽ എത്ര എണ്ണം തീർപ്പാക്കി;<br>(സി) ഏതെങ്കിലും കേസുകളിൽ വകുപ്പുതല അന്വേഷണത്തിനോ മറ്റുള്ള അന്വേഷണത്തിനോ ശുപാർശ നൽകിയിട്ടുണ്ടോ ; | (ബി) യും (സി) യും ലഭിച്ച 58 പരാതികളിൽ ഒരെണ്ണം സത്വരാന്വേഷണം നടത്താനും, ഒരെണ്ണം മിന്നൽ പരിശോധന നടത്താനും, 2 എണ്ണത്തിൽ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യാനും കമ്മിറ്റി തീരുമാനിച്ചു. മറ്റു പരാതികൾ അതാത് വകുപ്പ് തലവൻമാർക്ക് എത്രയും വേഗം അന്വേഷിച്ച് തീരുമാനമെടുക്കാൻ അയച്ചു കൊടുത്തിട്ടുണ്ട്. |
| (ഡി) പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം തൃപ് തികരമാണോ ; കമ്മിറ്റി ശക്തിപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) തൃപ്തികരമാണ്, ജില്ല വിജിലൻസ് കമ്മിറ്റി ശക്തിപ്പെടുത്താനുള്ള നടപടികൾ തുടരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ